# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2892 07.12.2018 -ലെ മറുപടി

### ഡാമുകളിൽ കെട്ടിക്കിടക്കുന്ന ചെളിയും എക്കലും നീക്കം ചെയ്യുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.ഉമ്മർ | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഡാമുകളിൽ കെട്ടിക്കിടക്കുന്ന ചെളിയും എക്കലും നീക്കം ചെയ്യുന്നതിനുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) സ.ഉ. (കൈ) നം.79/2017/ജവിവ പ്രകാരമുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) 26/09/2017 ലെ സർക്കാർ ഉത്തരവ് (കൈ) 79/2017/ജവിവ ന്റെ അടിസ്ഥാനത്തിൽ ചുള്ളിയാർ , മംഗലം എന്നീ ഡാമുകളിൽ അടിഞ്ഞുകിടക്കുന്ന എക്കലും മണലും നീക്കം ചെയ്യുന്നതിനായി പൈലറ്റ് പ്രോജക്ട് ആയി തിരഞ്ഞെടുത്തിട്ടുണ്ട്. SOP യിൽ പ്രതിപാദിച്ചിരുന്നു പ്രകാരം പര്യവേഷണ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്, വർക്ക് കോൺട്രാക്ട് (work contract), ടേൺ കീ (Turnkey) എന്നീ രണ്ടു ടെണ്ടർ രീതികൾ പ്രകാരമാണ് ഡാം ഡിസിൽറ്റ് ചെയ്യാൻ SOP യിൽ പ്രതിപാദിച്ചിരിക്കുന്നത്. മേൽ പ്രവൃത്തികളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുകയും അതനുസരിച്ച് 02/11/2018ൽ ഉന്നതാധികാര സമിതി യോഗം ചേരുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ച് പ്രവർത്തികളുടെ DPR പരിശോധിച്ചുവരുന്നു. |

(ബി) ഡിസിൽറ്റേഷൻ വഴി ലഭിക്കുന്ന എക്കലിലെ ഘടകങ്ങളുടെ അളവ് കണ്ടെത്തുന്നതിന് കെ.ഇ.ആർ.ഐ-യെ ഏൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനം ഇതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പൈലറ്റ് പദ്ധതികളുടെ ഡിസിൽറ്റേഷൻ വഴി ലഭിക്കുന്ന എക്കലിലെ ഘടകങ്ങളുടെ അളവ് കണ്ടെത്തുന്നതിന് കെ.ഇ.ആർ.ഐ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തികളുടെ ഡി.പി.ആർ തയ്യാറാക്കിയത്.

(സി) ഡിസിൽറ്റേഷനുമായി ബന്ധപ്പെട്ട് ഏതെല്ലാം ഡാമുകളിലെ മണ്ണ് നീക്കം ചെയ്യുന്നതിന് നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസുമായി ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ?

(സി) ഡാമുകളിലെ മണ്ണ് നീക്കം ചെയ്യുന്നതിന് നാഷണൽ സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡിയുമായി (NCESS) ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**